**C 60250** (Pages : 3) Name..............................

Reg. No..............................

# SIXTH SEMESTER B.A. DEGREE EXAMINATION MARCH 2019

(CUCBCSS)

Malayalam

## MAL 6B 11—MALAYALA KAVITHA POORVA GHATTAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ചെറുശ്ശേരിയുടെ പുരസ്കർത്താവായിരുന്ന ഭരണാധികാരിയുടെ പേരെന്ത് ?

2 നളിനങ്ങൾക്കുള്ളിൽനിന്ന് നാളംപോലെ ഉയർന്നതെന്ത് ?

3 സന്ദേശവൃത്തം എന്നറിയപ്പെടുന്ന വൃത്തമേത് ?

4 'നമ്മെയൊക്കെയും ബന്ധിച്ച സാധനം' എന്ന് കവി വിശേഷിപ്പിക്കുന്നത് എന്തിനെ ?

5 മാനവിക്രമൻ സാമൂതിരിയുടെ വിദ്വൽസദസ്സിൻെറ പേരെന്ത് ?

6 പാക്കനാർ എന്ന പച്ചമലയാള കാവ്യത്തിൻെറ സ്രഷ്ടാവാര് ?

7 കൈരളീപദ്യസാഹിത്യത്തിലെ പ്രഭാത നക്ഷത്രം എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതി ഏതാണ് ?

8 'നൈഷധം ചമ്പു'വിൻെറ കർത്താവാര് ?

9 കുചേലവൃത്തത്തിൻെറ ഇതിവൃത്തം തെരഞ്ഞെടുത്തിട്ടുള്ളത് എതു കൃതിയിൽ നിന്നാണ് ?

10 'ദോഷം തെണ്ടിപ്പിടിക്കുന്നവരുടെ തലയാൾ' എന്നു കവി വിശേഷിപ്പിക്കുന്നത് ആരെ ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 ശുകസാരണൻമാർ സമുദ്രം കടന്നുവന്നത് എന്തിനായിരുന്നു ?

12 'ആലോലചേതസാ ഭോഗങ്ങൾ തേടുന്ന'താര് ?

13 "ചിത്രം ചിത്രമങ്ങോട്ടു ചെന്നാടേണ്ടുന്ന മഹാതീർത്ഥ-
മിത്രത്തോളമാഗമിക്കകൊണ്ടു നന്നായി"

—സൂചിതമെന്ത് ?

Turn over

14 മെല്ലവേ ചെന്നങ്ങു തൊട്ടു നിന്നീടിനാൾ
പല്ലവം വെല്ലുമപ്പൂവൽമേലനി”
—ആര് ? സന്ദർഭം വ്യക്തമാക്കുക.

15 “ബഹുവിനയമോടപ്പാന്ഥനേവം പറഞ്ഞാൻ”—എന്താണ് പറഞ്ഞത് ?

(5 × 2 = 10 marks)

III. അഞ്ച് ചോദ്യത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16 മണിപ്രവാളത്തിനും പാട്ടിനും ലീലാതിലകം നിർദേശിക്കുന്ന ലക്ഷണം എഴുതി സൂചനകൾ വിപുലീകരിക്കുക.

17 “ദക്ഷാ ചാലച്ചതിയിൽ മദനോന്മാദിനീ ദക്ഷിണാശാം
രക്ഷോരാജന്നിളയ സഹജാ ലക്ഷ്മണം രാക്ഷസീവ്”
—സന്ദർഭത്തോടു ബന്ധപ്പെടുത്തി സൂചിത കഥ വ്യക്തമാക്കുക.

18 സുകൃതമില്ലാതവർക്കു സൂചിരം പ്രയത്നംകൊണ്ടു
സുജനസംഗമമുണ്ടോ സുലഭമായി വരുന്നു
—ആശയഭംഗി വിവരിക്കുക.

19 സീതാസ്വയംവരത്തിനായി അയോധ്യയിലേക്കെത്തുന്ന രാജാക്കന്മാരെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

20 “മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ”
—ഈ വരികളുടെ കാലിക പ്രസക്തി വ്യക്തമാക്കുക.

21 “ഏവനും പൂർവ്വജന്മാർജിത സുകൃത
ഫലം പോലെ വിത്താദിസർവ്വം
കൈവന്നീടും പരസ്വക്കൊതി പെടുകി-
ലിതേമട്ടു കഷ്ടത്തിലാകും”
—സൂചിതം വിശദീകരിക്കുക.

22 “സന്തോഷമാകുന്നതു നന്ദനം വനം
സന്തതം ശാന്തിയേ കാമസുരഭി കേൾ”
—സാരസ്യം വിശദമാക്കുക.

(5 × 5 = 25 marks)

IV. നാല് ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 രാമചരിതത്തിലെ ഭാഷയെ മുൻനിർത്തി ഉണ്ടായിട്ടുള്ള പ്രധാന നിഗമനങ്ങൾ സംഗ്രഹിച്ചെഴുതുക.

24 പ്രാചീന മണിപ്രവാള കൃതികളുടെ രൂപമാതൃകകൾ എന്ന നിലയിൽ 'ഉണ്ണുനീലിസന്ദേശ'ത്തെയും, 'രാമായണം ചമ്പു'വിനെയും പരിചയപ്പെടുത്തുക.

25 നളചരിതം നാലാം ദിവസത്തെ ആസ്പദമാക്കി ഉണ്ണായിവാര്യരുടെ കാവ്യശൈലി വിലയിരുത്തുക.

26 സാർവകാലികമായ വിതാനമുള്ള ജീവിതദർശനമാണ് ലക്ഷ്മണോപദേശത്തിലൂടെ എഴുത്തച്ഛൻ പങ്കു വയ്ക്കുന്നത്—ഉപപാദിക്കുക.

27 സമകാലികമായ സാമൂഹ്യവിമർശനമാണ് സ്യമന്തകം തുള്ളലിലൂടെ കുഞ്ചൻനമ്പ്യാർ നിർവഹിക്കുന്നത്—സോദാഹരണം സമർത്ഥിക്കുക.

28 ജ്ഞാനപ്പാനയെ പാവങ്ങളുടെ ഭഗവത്ഗീത എന്നു വിളിക്കുന്നതെന്തുകൊണ്ട് ? ചർച്ച ചെയ്യുക.

(4 × 10 = 40 marks)